## നിർബന്ധിത പരിശീലനം വേണ്ട

തിരു: നഴ്സിംഗ് പഠനത്തിന് ശേഷമുള്ള നിർബന്ധിത പരിശീലനം വേണ്ടെന്ന് സുപ്രീം കോടതി. ഒരു വർഷത്തെ പരിശീലനം വേണ്ടെന്ന കേരള സർക്കാർ തീരുമാനം ശരിവെച്ചു. സർക്കാർ തീരുമാനം ചോദ്യം ചെയ്തുള്ള സ്വകാര്യ ആശുപത്രികളുടെ ഹർജി തള്ളി. 4 വർഷത്തെ പഠനത്തിനിടയിൽ ആറുമാസം പരിശീലനം ലഭിക്കുന്നുണ്ടെന്ന് കോടതി.

## പാലപ്പിള്ളിയിൽ പുലിയിറങ്ങി

പാലപ്പിള്ളി: എലിക്കോട് വീണ്ടും പുലിയിറങ്ങി പശുക്കുട്ടിയെ കൊന്നു. കരിമ്പനക്കൽ അലവിയുടെ 3 മാസം പ്രായമുള്ള പശുക്കുട്ടിയെ ആണ് പുലി പിടിച്ചത്. ഇന്ന് പുലർച്ചെയാണ് സംഭവം. ഹാരിസൺ മലയാളം എസ്റ്റേറ്റിലെ തൊഴിലാളികൾ താമസിക്കുന്ന പാഡിയ്ക്ക് സമീപമാണ് പുലിയിറങ്ങിയത്.

സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 59 ലക്കം: 48 2024 മെയ് 06 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

# മാസപ്പടികേസിൽ അന്വേഷണം ഇല്ല; മുഖ്യമന്ത്രിക്കും മകൾക്കുമെതിരായ ഹർജി തള്ളി

തിരുവനന്തപുരം: മാസപ്പടി കേസിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മകൾ വീണാ വിജയൻ എന്നിവർക്കെതിരേ അന്വേഷണം ആവശ്യപ്പെട്ട് മാത്യു കുഴൽനാടൻ എം.എൽ.എ. നൽകിയ ഹർജി തള്ളി. തിരുവനന്തപുരം വിജിലൻസ് കോടതിയാണ് ഹർജി തള്ളിയത്. മാസപ്പടി കേസിൽ കോടതി നേരിട്ട് അന്വേഷണം നടത്തണമെന്നായിരുന്നു മാത്യു കുഴൽനാടന്റെ ആവശ്യം. എന്നാൽ വിശദമായ വാദം കേട്ട ശേഷം ആവശ്യം കോടതി നിരാകരിക്കുകയായിരുന്നു.

സി.എം.ആർ.എല്ലിന് കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് അനധികൃതമായി അനുമതി നൽകിയതിന്റെ പ്രത്യുപകാരമായിട്ടാണ് എക്സാലോജിക്കിന് പണം നൽകിയത് എന്നായിരുന്നു മാത്യു കുഴൽനാടന്റെ വാദം. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം വേണം എന്ന് ആവശ്യപ്പെട്ടായിരുന്നു വിജിലൻസ് കോടതിയിൽ ഹർജി നൽകിയിരുന്നത്. ആദ്യം കേസ് വിജിലൻസ് അന്വേഷിക്കണമെന്നായിരുന്നു കുഴൽനാടന്റെ ആവശ്യം. എന്നാൽ പിന്നീട് കോടതി നേരിട്ട് അന്വേഷിക്കണമെന്ന് നിലപാട് എടുത്തു.

പിന്നാലെ കോടതി കൂടുതൽ തെളിവുകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, കഴിഞ്ഞ രണ്ട് തവണ കോടതി ഹർജികൾ പരിഗണിച്ചപ്പോൾ കുഴൽനാടൻ വിവിധ രേഖകൾ ഹാജരാക്കി. കരിമണൽ ഖനനത്തിന് മുഖ്യമന്ത്രി നേരിട്ട് അനധികൃതമായി അനുമതി നൽകാൻ ഇടപെട്ടു എന്ന് തെളിയിക്കുന്നുവെന്ന് അവകാശപ്പെടുന്ന അഞ്ച് രേഖകളായിരുന്നു കോടതിയിൽ ഹാജരാക്കിയത്.

എന്നാൽ രേഖകളിലൊന്നും മുഖ്യമന്ത്രിയുടെ പങ്ക് വ്യക്തമാക്കുന്ന ഒരു തെളിവും ഇല്ലെന്നായിരുന്നു വിജിലൻസ് പ്രോസിക്യൂട്ടർ കോടതിയെ ധരിപ്പിച്ചത്.

തോട്ടപ്പള്ളി സ്പിൽവേയിൽനിന്ന് മൂന്ന് ദിവസത്തിനകം എക്കലും മണ്ണും നീക്കം ചെയ്യണമെന്ന് നിർദേശിക്കുന്ന ജില്ലാ കളക്ടറുടെ കത്ത്, കെ.എം.ഇ.ആർ.എല്ലിന്റെ കൈവശമുള്ള അധിക ഭൂമിക്ക് ഇളവ് അനുവദിക്കണമെന്ന അപേക്ഷ സർക്കാർ തള്ളിയതിനെതിരേ ഹൈക്കോടതി നൽകിയ അനുകൂല ഉത്തരവ്, ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദപരിശോധന നിർദേശിച്ചുള്ള സർക്കാർ കുറിപ്പ് എന്നിവ മാത്യു കുഴൽനാടൻ കോടതിയിൽ ഹാജരാക്കി. ഇതിനെതിരേ സർക്കാർ വീണ്ടും സി.എം.ആർ.എല്ലിന്റെ അപേക്ഷ തള്ളിയ ഉത്തരവ് വിജിലൻസും ഹാജരാക്കി.

### കൊച്ചി സ്മാർട്ട് സിറ്റിയിൽ ഇരുമ്പ് ഫ്രെയിം തകർന്നുവീണ് അപകടം; ഒരു മരണം, അഞ്ചുപേർ ആശുപത്രിയിൽ

കൊച്ചി: സ്മാർട്ട് സിറ്റിയിൽ നിർമാണത്തിനിടെ അപകടം. പെയിന്റിംഗിനായി നിർമിച്ച ഇരുമ്പ് ഫ്രെയിം തകർന്നുവീഴുകയായിരുന്നു. സംഭവത്തിൽ ഒരു തൊഴിലാളി മരിച്ചു. ബീഹാർ സ്വദേശി ഉത്തം ആണ് മരിച്ചത്. അപകടത്തിൽ പരിക്കേറ്റ് അഞ്ചുപേർ പരിക്കുകളോടെ ആശുപത്രിയിൽ ചികിത്സയിൽ തുടരുകയാണ്. പൊലീസും ഫയർഫോഴ്സും സ്ഥലത്തെത്തിയിട്ടുണ്ട്.

24 നില കെട്ടിടത്തിന്റെ മിനുക്ക് പണികൾക്കായാണ് ഇരുമ്പ് ഫ്രെയിം നിർമിച്ചത്. ഇതിൽക്കയറിനിന്ന് ജോലി ചെയ്യുകയായിരുന്നവരാണ് അപകടത്തിൽപ്പെട്ടത്. ഫ്രെയിം തകർന്നതോടെ തൊഴിലാളികൾ താഴേയ്ക്ക് പതിക്കുകയായിരുന്നു. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരെല്ലാം ഇതര സംസ്ഥാന തൊഴിലാളികളാണ്. ബീഹാർ സ്വദേശികളായ രമിത്, സിക്കന്ദർ, അമാൻ, ബിബൻ സിംഗ്, രാജൻ മുന്ന എന്നിവരാണ് ആശുപത്രിയിൽ കഴിയുന്നത്. അപകടത്തിൽ കൂടുതൽപ്പേർക്ക് പരിക്കേറ്റതായും റിപ്പോർട്ടുകളുണ്ട്.

# അവസാനംവരെ പോരാടും; ആവശ്യമെങ്കിൽ അപ്പീൽ നൽകും: മാത്യു കുഴൽനാടൻ

കൊച്ചി: മാസപ്പടി കേസുമായി ബന്ധപ്പെട്ട നടപടികളിൽനിന്ന് ഒളിച്ചോടില്ലെന്ന് മാത്യു കുഴൽനാടൻ എം.എൽ. എ. ഇപ്പോൾ വന്നിട്ടുള്ള കോടതിവിധിയുടെ വിശദാംശങ്ങൾ പഠിച്ച ശേഷം പ്രതികരിക്കും. ആവശ്യമെങ്കിൽ അപ്പീൽ പോകുമെന്നും അദ്ദേഹം കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

നിയമപോരാട്ടത്തിലേറ്റ തിരിച്ചടി തന്നെയാണ് കോടതിവിധിയെന്നും മാത്യു കുഴൽനാടൻ പറഞ്ഞു. വിധി വ്യക്തമായി പഠിച്ചതിന് ശേഷം പ്രതികരിക്കും. തനിക്ക് ഉൾക്കൊള്ളാൻ സാധിക്കുന്നതല്ല വിധിയെങ്കിൽ തീർച്ചയായും അപ്പീൽ പോകും. താൻ ഉന്നയിച്ച കാര്യം കോടതിക്ക് ഉൾക്കൊള്ളാൻ സാധിക്കാത്തിനാലാണ് ഇത്തരമൊരു വിധി പുറപ്പെടുവിച്ചിരിക്കുന്നത്, അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരു പ്രാഥമിക അന്വേഷണത്തിന് മതിയായ രേഖകൾ താൻ സമർപ്പിച്ചിട്ടുണ്ടെന്നാണ് കരുതുന്നത്. ഇക്കാര്യം കോടതിയിലും പറഞ്ഞിരുന്നു. എന്നാൽ, കോടതിവിധിക്ക് പിന്നിലെന്താണെന്ന് വിധി പഠിച്ചാൽ മാത്രമേ പറയാൻ സാധിക്കൂ. പൊതുജനത്തിന് മുന്നിൽ താൻ ഉന്നയിച്ച വിഷയത്തിൽ നിന്നും ഒളിച്ചോടില്ല. അവസാനം വരെ പോരാടും, കുഴൽനാടൻ പറഞ്ഞു.

മുഖ്യമന്ത്രിയോട് മാപ്പ് പറയണമെന്നാണ് സി.പി.എം ആവശ്യപ്പെടുന്നതെന്ന് ചൂണ്ടിക്കാണിച്ച മാധ്യമപ്രവർത്തകരോട് അതിനുള്ള സമയമായിട്ടില്ലെന്നും മാത്യു പറഞ്ഞു.

മാസപ്പടി കേസിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മകൾ വീണാ വിജയൻ എന്നിവർക്കെതിരേ അന്വേഷണം ആവശ്യപ്പെട്ട് മാത്യു കുഴൽനാടൻ സമർപ്പിച്ച ഹർജി തിരുവനന്തപുരം വിജിലൻസ് കോടതി തിങ്കളാഴ്ച തള്ളിയിരുന്നു. മാസപ്പടി കേസിൽ കോടതി നേരിട്ട് അന്വേഷണം നടത്തണമെന്നായിരുന്നു മാത്യു കുഴൽനാടന്റെ ആവശ്യം. എന്നാൽ, വിശദമായ വാദം കേട്ട ശേഷം ആവശ്യം കോടതി നിരാകരിച്ചു.

# ഐസിഎസ്ഇ, ഐഎസ്സി പരീക്ഷാഫ ലം പ്രസിദ്ധീകരിച്ചു; കേരളത്തിൽ മികച്ച വിജയം

ന്യൂഡൽഹി: ഐസിഎസ്ഇ (ക്ലാസ് പത്ത്), ഐഎസ്സി (ക്ലാസ് 12) പരീക്ഷാഫലം ദി കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കേറ്റ് എക്സാമിനേഷൻസ് (സിഐഎസ്സിഇ) പ്രസിദ്ധീകരിച്ചു. പത്താം ക്ലാസിൽ 99.47 ശതമാനമാണ് വിജയം. 98.19 ആണ് പന്ത്രണ്ടാം ക്ലാസിലെ വിജയശതമാനം. കേരളത്തിൽ മികച്ച വിജയമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പത്താം ക്ലാസിൽ 99.99 ഉം പന്ത്രണ്ടാം ക്ലാസിൽ 99.93 ഉം ആണ് വിജയശതമാനം.

ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റ്, കരിയേഴ്സ് പോർട്ടൽ, ഡിജിലോക്കർ എന്നിവയിലൂടെ ഫലം അറിയാം. യുണീക് ഐഡിയും ഇൻഡക്സ് നമ്പറും നൽകിയാണ് ഫലം അറിയുന്നത്. ഇംപ്രൂവ്മെന്റ് പരീക്ഷ ജൂലായിൽ നടക്കുമെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. പരീക്ഷാഫലം റീ-ചെക്ക് ചെയ്യാനും റീ-ഇവാല്യുവേഷൻ ചെയ്യാനും വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. റീ-ചെക്കിംഗിന് ഓരോ പേപ്പറിനും 1000 രൂപയാണ് അപേക്ഷാഫീസ്. റീ-ഇവാല്യുവേഷന് ഓരോ പേപ്പറിനും 1,500 രൂപയാണ് അപേക്ഷാഫീസ്.

പത്താം ക്ലാസ് ഐസിഎസ്ഇ പരീക്ഷയിൽ പെൺകുട്ടികളാണ് കൂടുതൽ സ്കോർ ചെയ്തത്. 99.65 ശതമാനമാണ് പെൺകുട്ടികളുടെ വിജയനിരക്ക്. ആൺകുട്ടികളുടേത് 99.31 ആണ്. ഐഎസ്സി പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ പെൺകുട്ടികളുടേത് 98.92 ശതമാനവും ആൺകുട്ടികളുടേത് 97.53 ശതമാനവുമാണ് വിജയനിരക്ക്.

### ക്രിക്കറ്റ് കളിക്കിടെ പന്ത് സ്വകാര്യ ഭാഗത്ത് പതിച്ചു; ആറാം ക്ലാസ് വിദ്യാർത്ഥിക്ക് ദാരുണാന്ത്യം

മുംബയ്: ക്രിക്കറ്റ് കളിക്കിടെ പന്ത് സ്വകാര്യ ഭാഗത്തുകൊണ്ട് പതിനൊന്ന് വയസുകാരന് ദാരുണാന്ത്യം. പൂനെയിലെ ലോഹെഗോണിൽ കഴിഞ്ഞ വ്യാഴാഴ്ചയാണ് സംഭവം നടന്നത്. ശൗര്യ കാളിദാസ് ഖാൻഡ്‌വെ എന്ന ആറാം ക്ലാസുകാരനാണ് മരണപ്പെട്ടത്. രമൻബോഗിലെ ന്യൂ ഇംഗ്ലീഷ് സ്കൂൾ വിദ്യാർത്ഥിയാണ്. കുട്ടി സുഹൃത്തുക്കളുമൊത്ത് ക്രിക്കറ്റ് കളിക്കുന്നതിന്റെയും പന്തുകൊണ്ട് ബോധരഹിതനാവുന്നതിന്റെയും സിസിടിവി ദൃശ്യങ്ങൾ പുറത്തുവരുന്നുണ്ട്.

# സ്വകാര്യസന്ദർശനത്തിന് മുഖ്യമന്ത്രി ദുബായിലേക്ക്; മന്ത്രി റിയാസും വീണയും 3 രാജ്യങ്ങൾ സന്ദർശിക്കും

കൊച്ചി: സ്വകാര്യസന്ദർശനത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ദുബായിലേക്ക് യാത്രതിരിച്ചു. തിങ്കളാഴ്ച പുലർച്ചെ നെടുമ്പാശ്ശേരിയിൽനിന്നാണ് അദ്ദേഹം ദുബായിലേക്ക് പോയത്. മന്ത്രി മുഹമ്മദ് റിയാസും ഭാര്യ വീണാ വിജയനും ദുബായിലേക്ക് പുറപ്പെട്ടിട്ടുണ്ട്.

ദുബായ് യാത്രയ്ക്കിടെ മുഖ്യമന്ത്രി മകനേയും കുടുംബത്തേയും സന്ദർശിക്കും. വിദേശത്തുനിന്ന് അദ്ദേഹം എന്ന് മടങ്ങുമെന്ന കാര്യത്തിൽ വ്യക്തതയില്ല. മുഖ്യമന്ത്രിയുടെ ഭാര്യയും കൊച്ചുമകനും അദ്ദേഹത്തിനൊപ്പമുണ്ട്.

മന്ത്രി റിയാസും വീണാ വിജയനും ദുബായ് കൂടാതെ, ഇൻഡോനീഷ്യയും സിങ്കപ്പൂരും സന്ദർശിക്കും.19 ദിവസത്തേക്കാണ് റിയാസിന് യാത്രാ അനുമതി. മേയ് 21-ന് ശേഷം അദ്ദേഹവും കുടുംബവും നാട്ടിലേക്ക് മടങ്ങുമെന്നാണ് സൂചന.

ന്ന് കാണിച്ചുനൽകിയ അപേക്ഷയിൽ മുഖ്യമന്ത്രിക്ക് കേന്ദ്രസർക്കാർ യാത്രാനുമതി നൽകിയിരുന്നു. എന്നാൽ, യാത്രാതീയതിയെക്കുറിച്ച് വ്യക്തത തേടിയതായാണ് കേന്ദ്രസർക്കാർ വൃത്തങ്ങൾ നൽകുന്ന വിവരം.

ഓഫീസിൽ കുറച്ചുദിവസത്തേക്ക് മുഖ്യമന്ത്രി ഉണ്ടാവില്ലെന്ന സൂചന സ്റ്റാഫ് അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. ഔദ്യോഗിക ആവശ്യത്തിനായി വിദേശത്തേക്ക് പോകുന്ന വേളകളിൽ സർക്കാർതന്നെ യാത്രസംബന്ധിച്ച് പത്രക്കുറിപ്പ് ഇറക്കുകയാണ് പതിവ്. സ്വകാര്യ സന്ദർശനമായതിനാൽ ഇത്തവണ ഔദ്യോഗിക അറിയിപ്പുണ്ടായിട്ടില്ല.

### ഓട്ടോ പാർക്കിംഗിനെച്ചൊല്ലിയുള്ള തർക്കം, അയൽവാസികൾ ഏറ്റുമുട്ടി; പത്ത് പേർക്ക് പരിക്ക്

പാലക്കാട്: ഓട്ടോ പാർക്കിംഗിനെച്ചൊല്ലിയുള്ള സംഘർഷത്തിൽ പത്ത് പേർക്ക് പരിക്ക്. പാലക്കാട് മേട്ടുപ്പാറയിലാണ് സംഭവം. മേട്ടുപ്പാറ സ്വദേശി കുമാരൻ, സഹോദരൻ നടരാജൻ, ഭാര്യ സെൽവി, മക്കളായ ജിഷ്ണു, ജീവൻ, കുമാരന്റെ മകൻ കാർത്തി, അയൽവാസികളായ രമേശ്, രതീഷ്, പിതാവ് സുബ്രഹ്മണ്യം, സഹോദരി തങ്കം എന്നിവർക്കാണ് പരിക്കേറ്റത്.

ഓട്ടോ നിർത്തിയിടുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് സംഘർഷത്തിൽ കലാശിച്ചത്. ഇത് ചോദ്യം ചെയ്യാനായി രമേശും രതീഷും അടക്കമുള്ളവർ കുമാരന്റെ വീട്ടിലെത്തി. പിന്നാലെ തർക്കം കൈയാങ്കളിയിലെത്തി.

അടിപിടിക്കിടെ കുമാരനും വീട്ടുകാർക്കും പരിക്കേറ്റു. കുമാരന്റെ കഴുത്തിനാണ് വെട്ടേറ്റത്. ഗുരുതരമായി പരിക്കേറ്റ ഇദ്ദേഹത്തെ തൃശൂർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. പിന്നാലെ കുമാരന്റെ വീട്ടുകാർ നടത്തിയ കല്ലേറിലാണ് രമേശ് അടക്കമുള്ളവർക്ക് പരിക്കേറ്റത്.

## കോടതി പരസ്യം

### ബഹു. വടക്കാഞ്ചേരി മുൻസിഫ് കോടതി മുമ്പാകെ

OS: 3/2024

കുന്നംകുളം താലൂക്ക് ചൂണ്ടൽ വില്ലേജ് വെട്ടുകാട് ദേശത്ത് തെക്കൻ കറുത്തോൻ മകൻ 60 വയസ് ദാസൻ

- അന്യായം

കുന്നംകുളം താലൂക്ക് ആളൂർ വില്ലേജ് ടി ദേശത്ത് ഏറാംച്ചം വീട്ടിൽ ഹംസ മകൾ ഫാത്തിമ റൂബിയ

- പ്രതി

മേൽ നമ്പറിലെ പ്രതിക്കുള്ള സമൻസ് കല്പനയും IA: 4/2024 ഹരജിയിലെ നോട്ടീസ് കല്പനയും പതിച്ചുനടത്തുവാൻ കല്പിച്ച് **26-05-2024** തിയതിക്കു വെച്ചിട്ടുള്ളതും കേസിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം കാലത്ത് 11 മണിക്ക് നിങ്ങളോ നിങ്ങൾ ഏർപ്പാടാക്കുന്ന അഡ്വക്കെറ്റോ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ എക്സ്പാർ ട്ടിയാക്കി കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 09/04/2024
അന്യായഭാഗം അഡ്വക്കേറ്റ്
**കെ അരുൺകുമാർ കൈമൾ**
(ഒപ്പ്)

### മേയർ ആര്യാ രാജേന്ദ്രനും സച്ചിൻ ദേവ് എം എൽ എ ക്കുമെതിരേ കേസെടുക്കണമെന്ന

# യദുവിന്റെ ഹർജി വിധിപറയാൻ മാറ്റി

തിരു : മേയർ ആര്യ രാജേന്ദ്രനുമായുണ്ടായ തർക്കത്തിന് പിന്നാലെ കെ.എസ്.ആർ.ടി.സി. ഡ്രൈവർ യദു സമർപ്പിച്ച ഹർജി കോടതി വിധി പറയാൻ മാറ്റി. തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് ഹർജി പരിഗണിച്ചത്. ആര്യാ രാജേന്ദ്രനും എം.എൽ.എ. സച്ചിൻ ദേവിനുമെതിരേ കേസെടുക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു യദുവിന്റെ ഹർജി സമർപ്പിച്ചത്.

സമാന ആവശ്യം ഉന്നയിച്ച് അഭിഭാഷകൻ ബൈജു നോയൽ സമർപ്പിച്ച ഹർജിയിൽ കോടതിനിർദേശപ്രകാരം കന്റോൺമെന്റ് പോലീസ് കേസ് എടുത്തിരുന്നു. ബൈജുവിന്റെ മൊഴി കന്റോൺമെന്റ് പോലീസ് രേഖപ്പെടുത്തും. കൂടുതൽ സാക്ഷികളെ കണ്ടെത്തി മൊഴിയെടുക്കാനും പോലീസ് ശ്രമംതുടങ്ങി.

സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ച് സംഭവസ്ഥലത്തുണ്ടായിരുന്നവരെ കണ്ടെത്തിയും സാക്ഷിമൊഴി രേഖപ്പെടുത്തും. ഗതാഗതം തടസ്സപ്പെടുത്തിയതിനാണ് മേയറും എം.എൽ.എ.യും അടക്കം ആളുകളുടെപേരിൽ കേസെടുത്തിട്ടുള്ളത്.

യദുവിന്റെ പരാതിയിൽ കോടതി കേസെടുക്കാൻ നിർദേശിച്ചാൽ പുതിയ എഫ്.ഐ.ആർ. തയ്യാറാക്കും. ജോലി തടസ്സപ്പെടുത്തിയത് അടക്കമുള്ള വകുപ്പുകൾ പ്രകാരം കേസെടുക്കണമെന്നാണ് യദുവിന്റെ ആവശ്യം. ഏപ്രിൽ 27-ന് രാത്രി പത്തോടെ പാളയം സാഫല്യം കോംപ്ലക്സിനുസമീപം വെച്ചായിരുന്നു സംഭവം.

മേയർ ആര്യാ രാജേന്ദ്രനുമായി തർക്കമുണ്ടായ ദിവസം കെ.എസ്.ആർ.ടി.സി. ഡ്രൈവർ യദു ഡ്രൈവിങ്ങിനിടയിൽ ഒരുമണിക്കൂറോളം മൊബൈലിൽ സംസാരിച്ചതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂരിൽനിന്ന് സംഭവംനടന്ന പാളയത്ത് എത്തുന്നതുവരെ യദു പലപ്പോഴായി ഒരു മണിക്കൂറോളം ഫോൺ ഉപയോഗിച്ചിട്ടുണ്ടെന്നാണ് പോലീസ് വ്യക്തമാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി പോലീസ് കെ.എസ്.ആർ.ടി.സിക്ക് റിപ്പോർട്ട് നൽകി.

# വീണ്ടും ജീവനെടുത്ത് അരളി; ചെടി തിന്ന പശുവും കിടാവും ചത്തു

പത്തനംതിട്ട: അരളിച്ചെടിയുടെ ഇല തിന്ന് പശുവും കിടാവും ചത്തു. തെങ്ങമം മഞ്ജു ഭവനത്തിൽ പങ്കജവല്ലിയമ്മയുടെ വീട്ടിലെ പശുവും കിടാവുമാണ് ചത്തത്. കഴിഞ്ഞ വെള്ളിയാഴ്ചയാണ് സംഭവം. അടുത്തുള്ള വീട്ടിലുകാർ വെട്ടിക്കളഞ്ഞ അരളി തീറ്റയ്ക്കൊപ്പം അബദ്ധത്തിൽ നൽകിയതാണ് മരണകാരണം. പശുവിന് ദഹനക്കേടാണെന്ന് കരുതി പങ്കജവല്ലിയമ്മ അടുത്തുള്ള മൃഗാശുപത്രിയിൽ നിന്ന് മരുന്ന് വാങ്ങിയിരുന്നു.

എന്നാൽ മരുന്നുമായി വീട്ടിലെത്തിയപ്പോൾ അവർ കണ്ടത് ചത്ത കിടാവിനെയായിരുന്നു. അടുത്ത ദിവസം പശുവും ചത്തിരുന്നു. സാധാരണ ദഹനക്കേട് മരുന്ന് കൊടുത്താൽ മാറുന്നതാണ്. ഇത്തവണ മരുന്ന് കൊടുത്തിട്ടും മാറാതെ വന്നതോടെ പശുവിന് കുത്തിവയ്പ്പും എടുത്തിരുന്നു. കുത്തിവയ്പ്പെടുക്കാൻ സബ് സെന്ററിൽ നിന്ന് ഇവരുടെ വീട്ടിലെത്തിയ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ വീടിന് സമീപത്ത് അരളിച്ചെടി കണ്ടിരുന്നു. ഇതാണ് സംശയത്തിന് കാരണമായത്. തുടർന്ന് പള്ളിപ്പുറം പഞ്ചായത്തിലെ വെറ്ററിനറി വിഭാഗം ഉദ്യോഗസ്ഥരാണ് പശുവിനെ പോസ്റ്റ്മോർട്ടം ചെയ്ത് മരണ കാരണം സ്ഥിരീകരിച്ചത്.

കഴിഞ്ഞ ദിവസം ഹരിപ്പാട് സ്വദേശി സൂര്യ സുരേന്ദ്രൻ അരളിയുടെ വിഷം ഉള്ളിൽച്ചെന്ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ കുഴഞ്ഞു വീണ് മരിച്ചിരുന്നു. അരളിയുടെ പൂവോ, ഇലയോ നുള്ളി വായിലിട്ട് ചവച്ചതാണ് മരണകാരണമെന്നാണ് പ്രാഥമിക നി?ഗമനം. തുടർന്ന് വന ?ഗവേഷണ കേന്ദ്രവും അരളിയിൽ വിഷമുണ്ടെന്ന് കണ്ടെത്തിയിരുന്നു.

ഇതോടെ കേരളത്തിലെ ക്ഷേത്രങ്ങളിൽ നിവേദ്യം-പ്രസാദ പൂജകൾക്ക് അരളിപ്പൂവ് ഉപയോഗിക്കുന്നത് വ്യാപകമായി നിരോധിച്ചിരിക്കുകയാണ്. പൂവിന് ഔദ്യോഗിക വിലക്ക് ഏർപ്പെടുത്തിയിട്ടില്ലെങ്കിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ അരളിപ്പൂവ് നിവേദ്യപൂജകൾക്ക് ഉപയോഗിക്കുന്നില്ലെന്ന് പ്രസിഡന്റ് പി എസ് പ്രശാന്ത് കഴിഞ്ഞ ദിവസം അറിയിച്ചിരുന്നു.

# മന്ത്രിയുടെ സഹായിയുടെ വീട്ടിൽ ഇ ഡി പരിശോധന; മുറിയിൽ മലപോലെ നോട്ടുകെട്ടുകൾ

റാഞ്ചി: ജാർഖണ്ഡിന്റെ തലസ്ഥാനമായ റാഞ്ചിയിൽ ഇഡി നടത്തിയ റെയ്ഡിൽ കണക്കിൽപ്പെടാത്ത 25 കോടി രൂപ കണ്ടെത്തി. ജാർഖണ്ഡ് മന്ത്രി അലംഗീർ അലന്റെ പേഴ്സണൽ സെക്രട്ടറി സഞ്ജീവ് ലാലിന്റെ വീട് ഉൾപ്പടെ റാഞ്ചിയിലെ ഒന്നിലധികം സ്ഥലങ്ങളിലാണ് ഇഡി പരിശോധന നടത്തിയത്.

സഞ്ജീവ് ലാലിന്റെ വീട്ടിലെ മുറിയിൽ കൂട്ടിയിട്ടിരിക്കുന്ന നോട്ടുകെട്ടുകളുടെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. എഴുപതുകാരനായ അലംഗീർ അലൻ ജാർഖണ്ഡിന്റെ ഗ്രാമവികസന മന്ത്രിയാണ്. മുതിർന്ന കോൺഗ്രസ് നേതാവായ അദ്ദേഹം ജാർഖണ്ഡിലെ പാകുർ മണ്ഡലത്തിൽ നിന്നാണ് വിജയിച്ചത്.

കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമത്തിന് (പിഎംഎൽഎ) കീഴിൽ അടുത്തിടെ നിരവധി പരിശോധനകൾ നടത്തിയിരുന്നു. റാഞ്ചിയിലെ സെയിൽ സിറ്റി ഉൾപ്പടെ ഒമ്പത് സ്ഥലങ്ങളിലാണ് ഒരേ സമയം ഇ ഡി പരിശോധന നടത്തുന്നത്. ജാർഖണ്ഡ് ഗ്രാമവികസന വകുപ്പിലെ മുൻ ചീഫ് എഞ്ചിനീയറായ വീരേന്ദ്ര റാമുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലും ഇ ഡി പരിശോധന നടത്തുന്നുണ്ട്.

വോട്ട് മറിക്കാനായി ഉപയോഗിക്കാനായിരിക്കാം ഈ പണമെന്ന ആരോപണവുമായി ബി ജെ പി രംഗത്തെത്തിയിട്ടുണ്ട്. 'ജാർഖണ്ഡിൽ അഴിമതി അവസാനിക്കുന്നില്ല. തിരഞ്ഞെടുപ്പിനായി ചെലവഴിക്കാനായിരിക്കാം ഈ പണം സൂക്ഷിച്ചത്. തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിൽ നടപടിയെടുക്കണം,' ജാർഖണ്ഡ് ബിജെപി വക്താവ് പ്രതുൽ ഷാദേവ് പറഞ്ഞു.

# പ്രജ്വലിനെതിരായ ദൃശ്യങ്ങൾ പുറത്തുവന്നതിൽ പങ്കില്ല; വൻ ഭീഷണി നേരിടുന്നു: ബിജെപി നേതാവ്

ന്യൂഡൽഹി: ഹാസൻ എം.പി. പ്രജ്വൽ രേവണ്ണയുടെ ലൈംഗിക പീഡനദൃശ്യങ്ങൾ പുറത്തു വന്നതിനുപിന്നിൽ പങ്കില്ലെന്ന വിശദീകരണവുമായി ബി.ജെ.പി നേതാവും പ്രജ്വലിന്റെ മുൻഡ്രൈവർ കാർത്തിന്റെ അഭിഭാഷകനുമായ ദേവരാജ് ഗൗഡ രംഗത്ത്. അഭിഭാഷകൻ എന്ന നിലയിൽ കാർത്തികിൽ നിന്ന് പെൻഡ്രൈവ് കൈപ്പറ്റിയിട്ടുണ്ട്. മറ്റാർക്കും നൽകിയിട്ടില്ലെന്നും രണ്ടു ദിവസത്തിനുള്ളിൽ സത്യങ്ങൾ പുറത്തുവരുമെന്നും ഒളിയിടത്തിലിരുന്നു ദേവരാജ് ഗൗഡ പറഞ്ഞു. നിയമസഭാ തിരഞ്ഞെടുപ്പിൽ എച്ച്ഡി. രേവണ്ണയ്ക്കെതിരെ ഹോളേനരസിപ്പുരയിൽ ബി.ജെ.പി സ്ഥാനാർഥിയായി മത്സരിച്ചയാളാണു ദേവരാജ് ഗൗഡ.

# മാതാവ് കൊലപ്പെടുത്തി റോഡിലേക്കെറിഞ്ഞ കുഞ്ഞിന്റെ മൃതദേഹം സംസ്കരിച്ചു

കൊച്ചി: പനമ്പള്ളി നഗറിൽ കൊല്ലപ്പെട്ട നവജാത ശിശുവിന്റെ മൃതദേഹം സംസ്കരിച്ചു. പുല്ലേപ്പടി പൊതു ശ്മശാനത്തിലാണ് സംസ്കാരം നടന്നത്. കളമശേരി മെഡിക്കൽ കോളേജിൽ നിന്ന് പോലീസുകാരാണ് മൃതദേഹം ഏറ്റുവാങ്ങിയത്.

ശ്മശാനത്തിലെത്തിയ ശേഷം പോലീസുകാർ മൃതദേഹം കോർപ്പറേഷന് കൈമാറി. കൊച്ചി മേയർ എം അനിൽ കുമാറാണ് മൃതദേഹം ഏറ്റുവാങ്ങിയത്. പോലീസുകാർ, കോർപ്പറേഷൻ കൗൺസിലർ, നാട്ടുകാർ തുടങ്ങിയവർ കുഞ്ഞിന് അന്ത്യാഞ്ജലി അർപ്പിച്ചു. പൊതു ശ്മശാനത്തിൽ സംസ്കാരം നടത്തുന്നതിന് കുഞ്ഞിന്റെ അമ്മയിൽ നിന്നും പോലീസ് സമ്മതപത്രം വാങ്ങിയിരുന്നു. കുഞ്ഞിന്റെ അമ്മ നിലവിൽ റിമാൻഡിലാണ്.

പനമ്പിള്ളി നഗറിലെ അപ്പാർട്ട്മെന്റിന്റെ അഞ്ചാംനിലയിൽ നിന്നാണ് ചോരക്കുഞ്ഞിനെ അമ്മ ശ്വാസംമുട്ടിച്ച് കൊന്ന് റോഡിലേക്കെറിഞ്ഞത്. 23കാരിയായ യുവതി ഗർഭിണിയായിരുന്നതും പ്രസവിച്ചതും മാതാപിതാക്കൾ പോലും അറിഞ്ഞിരുന്നില്ല.

മേയ് മൂന്നിന് പുലർച്ചെ അഞ്ചുമണിയോടെ ടോയ്‌ലറ്റിനുള്ളിലായിരുന്നു പ്രസവം. അതിനുശേഷം മൂന്നുമണിക്കൂർ കഴിഞ്ഞാണ് പൊക്കിൾക്കൊടി പോലും മുറിക്കാത്ത കുഞ്ഞിനെ പാഴ്സൽ കവറിലാക്കി താഴേക്ക് വലിച്ചെറിഞ്ഞത്.

## കോടതി പരസ്യം

### ബഹു. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ തൃശൂർ മുമ്പാകെ

CC: 188/2023

അനീഷ് എം കെ

-ഹരജിക്കാരൻ

TES Electric Manufacturer India, Near Railway over bridge, M.G. Road, Thrissuur

- 2-ാം എതൃകക്ഷി

**പത്രപരസ്യം**

മേൽ നമ്പറിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **23-05-2024** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ബഹു. കോടതി മുമ്പാകെ ഹാജരാകേണ്ടതും അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണ്.

എന്ന്, 09-02-2024
ഹരജിഭാഗം അഡ്വക്കെറ്റ്
**സി ടി ജോഫി** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

## തൃശ്ശൂരിൽ വരക്കൂട്ടം

തൃശൂർ: കേരള ചിത്രകലാ പരിഷത്ത് തൃശൂർ ജില്ലാ കമ്മറ്റിയുടെ വരകൂട്ടം ക്യാമ്പ് തേക്കിൻകാട് മൈതാനത്ത് നടന്നു. അമ്പത് കലാകാരന്മാർ ചിത്രരചന നടത്തി. വിദ്യാർത്ഥികൾ, യുവജനങ്ങൾ ഉൾപ്പെടെ ധാരാളം പേർ പങ്കെടുത്തു. ലളിതകലാ അക്കാദമി സെക്രട്ടറി ബാലമുരളീകൃഷ്ണ ഉദ്ഘാടനം ചെയ്തു. ചിത്രങ്ങളുടെ പ്രദർശനം ആഗസ്റ്റ് 24ന് ലളിതകലാ അക്കാദമി ഗ്യാലറിയിൽ നടക്കും. ജനങ്ങളിൽ നന്മയുടെ വര ഒരുക്കലാണ് പരിഷത്ത് ലക്ഷ്യമെന്ന്, പ്രസിഡണ്ട് ഡോ.ജെയിംസ് ചിറ്റിലപ്പിള്ളി അറിയിച്ചു. ഭാരവാഹികളായ കെ.എസ്.ഹരിദാസ്, പി.എസ്. ഗോപി, സോമൻ അഥീന, ശങ്കർജി വല്ലച്ചിറ എന്നിവർ നേതൃത്വം നൽകി.

## ഡോക്ടർ മുരളീധരന് യോഗ അന്താരാഷ്ട്ര അംഗീകാരം

തൃശൂർ: യോഗ ശാസ്ത്രരംഗത്തെ സമഗ്രസംഭാവന അംഗീകരിച്ച് കാഞ്ഞാണി സ്വദേശി ഡോക്ടർ മുരളീധരന് അന്താരാഷ്ട്ര അംഗീകാരം. കാനഡ ബ്രാപ്റ്റൺ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയുടേയും റോയൽ അക്കാദമി ഓഫ് ഗ്ലോബൽസീവ്ന്റേയും നേതൃത്വത്തിൽ ഡോ.എ.പി.ജെ.അബ്ദുൾകലാം പ്രസിഡന്റൽ അവാർഡാണ് മുരളീധരന് ലഭിച്ചത്. സൗദി അറേബ്യയിലെ കിങ്ങ് അബ്ദുള്ള യൂണിവേഴ്സിറ്റി ഓഫ്സയൻസസ്-ടെക്നോളജിയിലെ യോഗോ അദ്ധ്യാപകൻ കൂടിയാണ് മുരളീധരൻ.

## സ്വർണവില ഇന്ന് കൂടി

തിരു:സംസ്ഥാനത്ത് ഇന്ന് സ്വർണവില കൂടി. ഗ്രാമിന് 20രൂപ കൂടി 6,605രൂപയായി. പവന് 52,840രൂപയാണ് ഇന്നത്തെ വില.

## കലാകാര ദിനാചരണം മെയ് 7ന്

തൃശൂർ: വിശ്വ മഹാകവി രവിന്ദ്രനാഥ ടാഗോറിന്റെ ജന്മദിനമായ മെയ് ഏഴിന് നന്മയുടെ ആഭിമുഖ്യത്തിൽ കലാകാര ദിനമായി ആഘോഷിക്കുമെന്ന് നന്മ ജില്ല പ്രസിഡന്റ് ജയസൂര്യ ,സെക്രട്ടറി രവി കേചേരി എന്നിവർ അറിയിച്ചു.7ന് ഉച്ചതിരിഞ്ഞ് 3.30ന് സാഹിത്യ അക്കാദമി ഹാളിൽ ചേരുന്ന കലാകാര ദിന സമ്മേളനം സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്യും നന്മ സംസ്ഥാന പ്രസിഡന്റ് സേവ്യർ പുൽപാട്ട് അദ്ധ്യക്ഷത വഹിക്കും നന്മ നടത്തിയ നന്മ സ്ഥാപക രക്ഷാധികാരിയായിരുന്ന സി.വി.ശ്രീരാമൻ സ്മാരക കഥ മത്സര വിജയികൾക്കുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ വിതരണം ചെയ്യും. ഡോ.ശശിധരൻ കളത്തിങ്കൽ സി.വി.സ്മാരക പ്രഭാഷണം നടത്തും.

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

MC: 206/2023

ഷെഷ ഷെറിൻ, 10 വയസ്, D/o. ഷഹർബാൻ, മരക്കനാത്ത് ഹൗസ്, പുന്നയൂർ, എടക്കഴിയൂർ, ചാവക്കാട് എന്ന മൈനർക്കുവേണ്ടി ടിയാരിയുടെ പെറ്റമ്മയുടെ പിതാവും രക്ഷിതാവുമായ സെയ്താലവി 55 വയസ് S/o.ഇമ്പിച്ചിബാവ, മരക്കനാത്ത് ഹൗസ്, എടക്കഴിയൂർ

-ഹരജിക്കാരി

അഷറഫ്, 36 വയസ് S/o. കുഞ്ഞുമോൻ, ആലങ്ങാട് ഹൗസ്, വെളിയങ്കോട് പി ഒ., തവളക്കുളം, മലപ്പുറം ജില്ലാ-679579

-എതൃകക്ഷി

മേൽ നമ്പറിൽ എതിർകക്ഷിക്കുള്ള നോട്ടീസ് പതിച്ചു നടത്തുവാൻ പത്രപരസ്യം കല്പിച്ച് കേസ് 17-05-2024 തിയ്യതിക്ക് വെച്ചിരിക്കുന്നു. എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ബഹു കോടതിയിൽ ഹാജരാകേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 06-05-2024

ഹരജിഭാഗം അഡ്വക്കെറ്റ്

**തരുണി എം യു** (ഒപ്പ്)

# ജോസ് കാട്ടൂക്കാരൻ അന്തരിച്ചു

തൃശൂർ: തൃശൂർ കോർപ്പറേഷന്റെ പ്രഥമ മേയറും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന അരണാട്ടുകര കാട്ടൂക്കാരൻ വീട്ടിൽ ജോസ് കാട്ടൂക്കാരൻ (91) അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് തൃശൂർ ജില്ലാ സഹകരണ ആശുപത്രിയിൽ ചികിത്സയിലായിരുന്ന അദ്ദേഹത്തിന്റെ അന്ത്യം ഇന്നലെ രാവിലെ ആറിനായിരുന്നു. സംസ്കാരം ഇന്ന് വൈകീട്ട് നാലിന് അരണാട്ടുകര സെന്റ് തോമസ് പള്ളിയിൽ നടക്കും. ഇന്നലെ വീട്ടിൽ പൊതുദർശനത്തിന് വെച്ച മൃതദേഹത്തിൽ ഡി.സി.സി പ്രസിഡന്റ് ജോസ് വള്ളൂർ, മുതിർന്ന കോൺഗ്രസ് നേതാക്കൾ എന്നിവർ ചേർന്ന് പാർട്ടി പതാക പുതപ്പിച്ചു. ഇന്ന് രാവിലെ ഒൻപത് മുതൽ 10.30 വരെ ഡി.സി.സി ഓഫീസിലും തുടർന്ന് കോർപ്പറേഷൻ ഓഫീസിലും പൊതുദർശനത്തിന് ശേഷം അരണാട്ടുകരയിലെ വസതിയിൽ ഭൗതികദേഹം തിരിച്ചെത്തിക്കും.

കാട്ടൂക്കാരൻ അന്തോണിയുടെയും റോസയുടേയും മകനായ ജോസ് ലീഡർ കെ. കരുണാകരനൊപ്പം പ്രവർത്തിച്ച നേതാവായിരുന്നു. ഐ. എൻ. ടി. യു.സിയുടെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചു. ഷോപ്പ് എംപ്ലോയീസ് കോൺഗ്രസ് നേതാവായിരുന്ന ജോസ് കാട്ടൂക്കാരൻ ഐഎൻ. ടി.യു.സി ജില്ലാ സെക്രട്ടറിയായി തൊഴിലാളി രംഗത്ത് സജീവ സാന്നിധ്യമായിരുന്നു. 1965 മുതൽ നഗരത്തിൽ പാർട്ടിയെ വളർത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചു. വിരുപ്പാക്ക സ്പിന്നിംഗ് മിൽ ചെയർമാൻ, കോൺഗ്രസ് തൃശൂർ ബ്ലോക്ക് പ്രസിഡന്റ്, 32 വർഷം ഡി.സി.സി ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. തൃശൂർ ഈസ്റ്റിൽ നിന്നും പ്രഥമ ജില്ലാ കൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 2000ത്തിൽ തൃശൂർ കോർപ്പറേഷൻ രൂപീകരിച്ചപ്പോൾ പ്രഥമ മേയറായി കോൺഗ്രസ് നിയോഗിച്ചത് ജോസ് കാട്ടൂക്കാരനെയായിരുന്നു.

ജില്ലാ ആശുപത്രി ഉപദേശകസമിതി അംഗം, ആർ.ടി.ഒ അംഗം, തൃശൂർ നിയോജകമണ്ഡലം യു.ഡി.എഫ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ: തൊയക്കാവ് വടക്കൂട്ട് കൊട്ടയിൽ കുടുംബാംഗം സെലീന. മക്കൾ: ആന്റണി (റിട്ട. അർബൻ ബാങ്ക്), റാഫേൽ (മസ്കറ്റ്)റിസൺ (ചെന്നൈ), റെയ്സി(അധ്യാപിക - കോഴിക്കോട്). മരുമക്കൾ: ജീന, ലിന്റോ, ഷീന, ജോൺസൺ(റിട്ട. പി.ഡബ്ല്യൂ.ഡി എഞ്ചിനിയർ).

ജില്ലാ വാർഷിക സമ്മേള

വാരിയർ സമാജം ജില്ല വാർഷിക സമ്മേളനം സംസ്ഥാന സെക്രട്ടറി ടി. ഗോപകുമാർ ഉദ്ഘാടനം ചെയ്യുന്നു .

## വാരിയർ സമാജം ജില്ല സമ്മേളനം

തിരുവുള്ളക്കാവ് : സമസ്ത കേരള വാരിയർ സമാജം ജില്ല വാർഷിക സമ്മേളനം സമാജം സംസ്ഥാന സെക്രട്ടറി ടി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡണ്ട് രമ ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ല സെക്രട്ടറി വി.വി. ഗിരീശൻ, പി.വി. ശങ്കരൻകുട്ടി, പി.പി. ഇന്ദുകുമാർ, ഇ രാജേഷ്, പി.വി. ധരണീധരൻ എന്നിവർ പ്രസംഗിച്ചു. ജില്ലയിലെ മികച്ച യൂണിറ്റുകളായി തലോർ, ഇരിങ്ങാലക്കുട,തൃശൂർ യഥാക്രമം ഒന്ന്,രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. പുതിയ ഭാരവാഹികൾ : കെ. ഉണ്ണികൃഷ്ണവാര്യർ (പ്രസിഡണ്ട് ), ശ്രീജ ഓംകുമാർ (വൈസ് പ്രസിഡണ്ട്), വി.വി. സതീശൻ (സെക്രട്ടറി), ഓംകുമാർ (ജോ.സെക്രട്ടറി), പി.വി. ശങ്കരൻ കുട്ടി (ട്രഷറർ) എ.സി. സുരേഷ്, എ.വി. രുദ്രകുമാർ (സംസ്ഥാന കമ്മറ്റി) വനിതാ വിഭാഗം : പാർവ്വതി എസ്. വാര്യർ (പ്രസിഡണ്ട്), ഉഷ ദാസ് (സെക്രട്ടറി), രാജലക്ഷ്മി വിജയൻ (ട്രഷറർ)

## 'ഇൻഡസ്ട്രി സെറ്റപ്പ് സപ്പോർട്ട് വർക്ക്ഷോപ്പ്' സംഘടിപ്പിക്കുന്നു

തൃശൂർ: വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (KIED) സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കായി 'ഇൻഡസ്ട്രി സെറ്റപ്പ് സപ്പോർട്ട് വർക്ഷോപ്പ്' സംഘടിപ്പിക്കുന്നു. 2024 മേയ് 8 മുതൽ 10 വരെ കളമശ്ശേരിയിൽ ഉള്ള KIED ക്യാമ്പസ്സിൽ വെച്ചാണ് പരിശീലനം സംഘടിപ്പിക്കുന്നത്. വിവിധ വകുപ്പുകളുടെ നിയമങ്ങൾ, Town & Country Planning, KSEB, Fire & Rescue, Factories & Boilers, Labour, Pollution Control Board, Legal Metrology, Food safety തുടങ്ങിയ വിവിധ വകുപ്പകളിൽ നിന്നും ലഭിക്കേണ്ട ലൈസൻസുകൾ, KSWIFT പോർട്ടൽ മുഖേനെയുള്ള അനുമതികൾ തുടങ്ങിയ വിഷയങ്ങൾ ആണ് ഉൾപെടുത്തിയിരിക്കുന്നത്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.info/training-calender/ ൽ മേയ് 6ന് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരെഞ്ഞെടുക്കപ്പെടുന്ന 35 പേർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890, 2550322, 9188922785

## യുവാവിനെ തലക്കടിച്ച് കൊലപ്പെടുത്തി മൃതദേഹം റോഡരികിൽ ഉപേക്ഷിച്ച നിലയിൽ

തൃശ്ശൂർ -കോടന്നൂരിൽ യുവാവിനെ ഹോക്കി സ്റ്റിക്കുകൊണ്ട് തലക്കടിച്ച് കൊലപ്പെടുത്തി മൃതദേഹം റോഡരികിൽ ഉപേക്ഷിച്ചു.

വെങ്ങിണിശ്ശേരി ശിവപുരം സ്വദേശി മനുവാണ് കൊല്ലപ്പെട്ടത്. സംഭവത്തിന് ശേഷം മൃതദേഹം റോഡരികിൽ ഉപേക്ഷിച്ച് പ്രതി കടന്നു കളഞ്ഞു. നാട്ടുകാരാണ് പോലീസിൽ വിവരമറിയിച്ചത്.

ചേർപ്പ് പൊലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. മണികണ്ഠൻ എന്നയാളാണ് പ്രതിയെന്നാണ് സൂചന പുറത്തുവരുന്നതെന്ന് പൊലീസ് പറഞ്ഞു. മദ്യപിച്ചുണ്ടായ തർക്കമാണ് കൊലയിൽ കലാശിച്ചതെന്ന് നാട്ടുകാർ പോലീസിന് മൊഴി നൽകി.

## ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ ലാഭം 2,957 കോടി രൂപ

കൊച്ചി: ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ ഡയറക്ടർമാരുടെ ബോർഡ്, ത്രൈമാസികവും വർഷാന്ത്യവും കൂടിയുള്ള മാർച്ച് 31, 2024ലെ ഓഡിറ്റ് ചെയ്ത ധനകാര്യ ഫലങ്ങൾ പ്രഖ്യാപിച്ചു. നികുതിയ്ക്ക് ശേഷമുള്ള നികുതി 2023 സാമ്പത്തിക വർഷത്തിലെ 2,437 കോടി രൂപയിൽ നിന്ന് 24 സാമ്പത്തിക വർഷത്തിലെ 2,957 കോടി രൂപയിലേക്ക് 21% വർഷാവർഷം വർധിച്ചു.

## കേരള സാഹിത്യ അക്കാദമി സർവ്വമതസമ്മേളനം

തൃശൂർ: 1924-ൽ ആലുവയിൽ നടന്ന സർവ്വമതസമ്മേളനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി സെമിനാറും പുസ്തകപ്രകാശനവും സംഘടിപ്പിച്ചു.

ശിവഗിരിമഠം ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ ഉദ്ഘാടനം നിർവ്വഹിച്ചു. സച്ചിദാനന്ദൻ അദ്ധ്യക്ഷനായി. സാറാ ജോസഫ്, എം.പി.അബ്ദുസ്സമദ് സമദാനി, ഷൗക്കത്ത് സംസാരിച്ചു. സർവ്വമതസമ്മേളനവും ഗുരുവിന്റെ മതദർശനവും സെമിനാറിൽ അശോകൻ ചരുവിൽ അദ്ധ്യക്ഷത വഹിച്ചു. ഡോ.ഖദീജ മുംതാസ്, കെ.പി.രാമനുണ്ണി, ഡോ.എം. എ.സിദ്ദിഖ് സംസാരിച്ചു.

ഡോ.സുനിൽ പി. ഇളയിടം എഡിറ്റുചെയ്ത കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുന്ന പലമതസാരവുമേകം എന്ന പുസ്തകത്തിന്റെ പ്രകാശനം നടന്നു. ഡോ.മാർ ഗിവർഗ്ഗീസ് കുറിലോസ് പ്രകാശനം നടത്തി. സ്വാമി ധർമ്മ ചൈതന്യ, ഡോ.കെ.എം.അനിൽ, ഡോ.എം.എ.സിദ്ദിഖ്, അനു പാപ്പച്ചൻ എന്നിവർ എഴുതിയ ലേഖനങ്ങളും ഉൾപ്പെടുന്ന ഗ്രന്ഥമാണ് പലമതസാരവുമേകം. ഡോ.സുനിൽ പി.ഇളയിടം ആമുഖപ്രഭാഷണം നടത്തി.

## കെഎസ്ആർടിസി ബസ്സും ബൈക്കും കൂട്ടിയിടിച്ച് അപകടം; ബൈക്ക് യാത്രക്കാരൻ മരിച്ചു

തൃശൂൾ :സംസ്ഥാന പാതയിൽ എടപ്പാൾ അണ്ണക്കംപാട് കെഎസ്ആർടിസിയും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രികനായ യുവാവ് മരിച്ചു.എറവക്കാട് കൊഴിക്കര സ്വദേശി അന്നിക്കര വീട്ടിൽ 30 വയസുള്ള നിധിനാണ് മരിച്ചത്.അണ്ണംക്കമ്പാട് സെന്ററിൽ ഇന്നലെ രാത്രി 9 മണിയോടെയാണ് അപകടം നടന്നത്.

ഗുരുതരമായി പരിക്കേറ്റ നിധിനെ എടപ്പാളിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.മൃതദേഹം എടപ്പാളിലെ സ്വകാര്യ ആശുപത്രിമോർച്ചറിയിൽ.

ബാലവേദി
വേനലവധി ക്യാമ്പ്
വിയ്യൂർ ഗ്രാമീണവായനശാല

വിയ്യൂർ ഗ്രാമീണവായനശാലയിലെ ബാലവേദിയുടെ വേനൽകൂടാരം സമാപനയോഗം ഡോ ബെന്നിജേക്കബ് ഉത്ഘാടനംചെയ്തു. പ്രസിഡന്റ് സന്തോഷ് കെ. എഫ് അധ്യഷത വഹിച്ച യോഗത്തിൽ സെക്രട്ടറി പി. ഉദയകുമാർ സ്വാഗതവും താലൂക് യൂണിയൻ മുൻ പ്രസിഡന്റ് പ്രൊഫ. എം. ഹരിദാസ് മുഖ്യപ്രഭാഷണവും ജോയിന്റ് സെക്രട്ടറി അരുൺനാരായണൻ നന്ദിയും പറഞ്ഞു.

## ഊട്ടി, കൊടൈക്കനാൽ ടൂർ പോകുന്നവരുടെ ശ്രദ്ധയ്ക്ക് ! ഇ- പാസ് വെബ്സൈറ്റ് പ്രവർത്തനം ആരംഭിച്ചു

കുന്നംകുളം :മേയ് ഏഴു മുതൽ ജൂൺ 30 വരെയാണ് ഇ - പാസ് പ്രാബല്യത്തിലുള്ളത്. ഈ ദിവസങ്ങളിൽ പുറത്തുനിന്ന് വരുന്നവർക്ക് ഇ- പാസ് നിർബന്ധമാണ്.ഊട്ടിയിലേക്കും കൊടൈക്കനാലിലേക്കും പ്രവേശിക്കാൻ വിനോദസഞ്ചാരികൾക്കുള്ള ഇ- പാസിന് ക്രമീകരണമായി.അക്ഷയ കേന്ദ്രം വഴി ഇ- പാസിന് അപേക്ഷിക്കാം.പാസിന് അപേക്ഷിക്കുന്നയാളുടെ ആധാർകാർഡ്, റേഷൻകാർഡ്, ഡ്രൈവിങ് ലൈസൻസ്, പാസ്പോർട്ട് എന്നിവയിൽ ഏതെങ്കിലും ഒന്നും വാഹനത്തിന്റെ വിവരം, സന്ദർശിക്കുന്ന തീയതി, എത്ര ദിവസം തങ്ങുന്നു എന്നീ വിവരങ്ങളുമാണ് വെബ്സൈറ്റിൽ നൽകേണ്ടത്.

മദ്രാസ് ഹൈക്കോടതി ഉത്തരവുപ്രകാരം മേയ് ഏഴു മുതൽ ജൂൺ 30 വരെയാണ് ഇ- പാസ് പ്രാബല്യത്തിലുള്ളത്. ഈ ദിവസങ്ങളിൽ പുറത്തുനിന്ന് വരുന്നവർക്ക് ഇ- പാസ് നിർബന്ധമാണ്.ഓരോദിവസവും നിശ്ചിത എണ്ണം വാഹനങ്ങൾക്ക് മാത്രമേ പാസ് അനുവദിക്കയുള്ളൂ. മേയ് പത്തുമുതൽ 20വരെ നടക്കുന്ന ഊട്ടി പുഷ്പമേള മുൻനിർത്തിയാണ് നടപടി.

## കയ്യൂർ – വയലാർ പഠനയാത്ര

കയ്യൂർ-കരിവള്ളൂർ, പുന്നപ്ര-വയലാർ-വിപ്ലവഭൂമികളിലേയ്ക്ക് പഠനയാത്ര സംഘടിപ്പിക്കാൻ, പുരോഗമനകലാസാഹിത്യസംഘം പന്നിത്തടം യൂണിറ്റ് തീരുമാനിച്ചു. കടങ്ങോട് പഞ്ചായത്തിലെ വിപ്ലവ-സമരചരിത്രവും തയ്യാറാക്കും. മെയ് ദിനത്തിൽ 'വിപ്ലവപോരാട്ടവും കേരളവും' - എന്ന സംവാദവും പു.ക.സ സംഘടിപ്പിച്ചു.

പ്രസിഡണ്ട് രാജൻ എലവത്തൂർ അദ്ധ്യക്ഷത വഹിച്ചു. ടി. അരവിന്ദാക്ഷൻ, പോൾസൺ താം, ഫ്രാൻസിസ് കൊള്ളന്നൂർ, കെ.വിജയൻ, കെ.കെ. ജയപ്രകാശ്, ഹമീദ് പന്നിത്തടം സംസാരിച്ചു.

## ചലച്ചിത്ര ശില്പശാലക്ക് തുടക്കമായി

തൃശൂർ: കേരള ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ മാടമ്പ് കുഞ്ഞുകുട്ടൻ ഫൌണ്ടേഷൻ കുട്ടികൾക്കായി നടത്തുന്ന രണ്ടു ദിവസത്തെ ചലച്ചിത്ര ശില്പശാലക്ക് തുടക്കമായി.

സ്മാർട്ട്ഫോണിൽ മുഴുനീള ചലച്ചിത്രം നിർമ്മിക്കുന്നതിന്റെ മുഴുവൻ സാങ്കേതികതയും രണ്ടു ദിവസത്തെ ശില്പശാലയിൽ പരിശീലനം നൽകും. മാടമ്പ് മനയിൽ നടന്ന ചടങ്ങിൽ ഡോ. രാജേഷ് കൃഷ്ണൻ അധ്യക്ഷത വഹിച്ചു. കിരാലൂർ പഞ്ചായത്ത് പ്രസിഡന്റ് ഷോബി ടി ആർ ഉദ്ഘാടനം ചെയ്തു.

ഫൗണ്ടേഷൻ പ്രതിനിധി

സൂര്യശർമ്മൻ സ്വാഗതം ആശംസിച്ചു. പ്രശസ്ത തമിഴ് സംവിധായകൻ അമുദൻ, ചലച്ചിത്ര നിരൂപകൻ സി എസ് വെങ്കിടെശ്വരൻ എന്നിവരാണ് ശില്പശാലക്ക് നേതൃത്വം നൽകുന്നത്. ശില്പശാല നാളെ സമാപിക്കും. ക്യാമ്പിൽ വിദ്യാർത്ഥികൾ നിർമ്മിച്ച സിനിമകൾ മെയ്പത്തിലെ ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കും.

## ഗാനരചയിതാവ് ജി.കെ പള്ളത്ത് (പി. ഗോവിന്ദൻകുട്ടി- 85) അന്തരിച്ചു

തൃശൂർ: ഗാനരചയിതാവ് ജി.കെ പള്ളത്ത് (പി. ഗോവിന്ദൻകുട്ടി- 85) അന്തരിച്ചു. അസുഖത്തെത്തുടർന്ന് തൃശൂർ അമല ആശുപത്രിയിൽ ചികിത്സയിൽ കഴിയവേയാണ് അന്ത്യം. അയ്യന്തോൾ ഹൈസ്കൂളിന് സമീപം വസതിയിൽ പൊതുദർശനത്തിന് ശേഷം ഇന്ന് വൈകീട്ട് നാലിന് പാറമേക്കാവ് ശാന്തിഘട്ടിൽ സംസ്കാരം നടക്കും.

തൃശൂർ എം.ജി റോഡിൽ പള്ളത്ത് അമ്മിണിയമ്മയുടേയും പാറയ്ക്കൽ നാരായണന്റേയും മകനായി ജനിച്ച ജി.കെ പള്ളത്ത് 1978ൽ കാറ്റു വന്നു നിന്റെ കാമുകൻ വന്നു എന്ന ഹിറ്റ് ഗാനം എഴുതിയാണ് സിനിമയിൽ അരങ്ങേറ്റം കുറിച്ചത്. 1958ൽ കെ.എസ്. ജോർജ്ജും സുലോചനയും ആലപിച്ച 'രക്തത്തിരകൾ നീന്തിവരും' എന്ന ഗാനമാണ് ആദ്യമായി എഴുതിയത്. ചോര ചുവന്ന ചോര, ചാകര, അമൃത ഗീതം, കാട്ടുതീ, കാളിചക്രം, വാൽക്കണ്ണാടി, നൂൽപ്പാലം, കുങ്കുമപ്പൊട്ട്, വീരശൃംഖല തുടങ്ങി നിരവധി ചിത്രങ്ങൾക്കും ഗാനങ്ങൾ എഴുതി.

ദേവരാജൻ മാസ്റ്ററുമായി പ്രത്യേക അടുപ്പം സൂക്ഷിച്ചിരുന്നു. ദേവീപ്രസാദം, മൂകാംബികയമ്മ, എന്നീ ഹിന്ദു ഭക്തി ഗാനങ്ങളും, ക്രിസ്തീയ ഭക്തി ഗാനങ്ങളും ചിങ്ങനിലാവ്, സ്വയംഭൂനാഥൻ, മാരനെത്തേടി, മനസ്സിലെ ശാരിക തുടങ്ങിയ ആൽബങ്ങളും പള്ളത്തിന്റേതായി ഉണ്ട്.

റവന്യൂ വകുപ്പിൽ നിന്നും 1997ൽ ഡെപ്യൂട്ടി തഹസിൽദാരായാണ് വിരമിച്ചത്. അദ്ദേഹത്തിന്റെ ഗാനാർച്ചന എന്ന പുസ്തകത്തിന്റെ പ്രകാശനം കഴിഞ്ഞമാസം ആദ്യവാരത്തിലാണ് നടന്നത്. ഭാര്യ: എൻ. രാജലക്ഷ്മി (റിട്ട. അസി. താലൂക്ക് സപ്ലൈ ഓഫീസർ). മക്കൾ: നയന (യു.കെ) സുഹാസ്, രാധിക (ചിക്കാഗോ). മരുമക്കൾ: പ്രദീപ് ചന്ദ്രൻ, ശ്രീലത മേനോൻ, സുനീഷ് മേനോൻ.

## പാവറട്ടി പൂവത്തൂരിൽ മൊബൈൽ ഫോൺ പൊട്ടിത്തെറിച്ച് അപകടം

കുന്നംകുളം :പാവറട്ടി പൂവത്തൂരിൽമൊബൈൽ ഫോൺ ചാർജ് ചെയ്യുന്നതിനിടെ പൊട്ടിത്തെറിച്ച് അപകടം. മുറിയിലുണ്ടായിരുന്ന കട്ടിൽ, കിടക്ക,എയർ കണ്ടീഷണർ, ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവ കത്തി നശിച്ചു.മരയ്ക്കാത്ത് അജീഷിന്റെ ഭാര്യയുടെ ഫോണാണ് പൊട്ടിത്തെറിച്ചത്. സംഭവസമയത്ത് മുറിയിൽ ആരുമില്ലാതിരുന്നതിനാൽ വലിയ അപകടം ഒഴിവായി. അജീഷിന്റെ ഭാര്യയും മക്കളും അമ്മയുമാണ് വീട്ടിൽ താമസം. വീട്ടുകാരും നാട്ടുകാരും ചേർന്ന് തീയണച്ചു.

കടുപ്പത്തിലൊരു ചായ...
Kajah
TEA
REAL
STRONG
TEA
കാജാ ചായ

# പഠിച്ച കലാലയങ്ങൾ ഓരോ വ്യക്തിയുടെയും എക്കാലത്തെയും മേൽവിലാസം : കില ഡയറക്ടർ

OLD STUDENTS' ASSOCIATION

തൃശൂർ സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർത്ഥികളുടെ സംഗമം "ഓർമ്മച്ചെപ്പ് 2024" കില ഡയറക്ടർ ജനറൽ ഡോ ജോയ് എളമൻ ചെടിക്ക് ജലം പകർന്ന് ഉദ്ഘാടനം ചെയ്യുന്നു. മാർ ടോണി നീലങ്കാവിൽ, ഫാ കെ എ മാർട്ടിൻ, ഫാ ബിജു പാണെങ്ങാടൻ, ഡോ കെ അനിൽ, ഡോ ടി ടി പോൾ, ജെയിംസ് മുട്ടിക്കൽ സമീപം.

തൃശൂർ:പഠിച്ച കലാലയങ്ങൾ ഓരോ വ്യക്തിയുടെയും എക്കാലത്തെയും മേൽവിലാസമാണെന്ന് കില ഡയറക്ടർ ജനറൽ ഡോ ജോയ് ഇളമൻ അഭിപ്രായപ്പെട്ടു. തൃശൂർ സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർത്ഥികളുടെ സംഗമം "ഓർമ്മച്ചെപ്പ് 2024" ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഡോ ജോയ് എളമൻ. കേരളത്തിന്റെ ചരിത്രത്തിനു മഹാന്മാരായ നിരവധി പേരെ സമ്മാനിച്ച കലാലയമാണ് സെന്റ് തോമസ് കോളേജ് എന്നും അദ്ദേഹം പറഞ്ഞു.

തൃശൂർ അതിരൂപതാ സഹായ മെത്രാനും കോളേജ് മാനേജരുമായ മാർ ടോണി നീലങ്കാവിൽ സന്ദേശം നൽകി.

ഒ എസ് എ പ്രസിഡന്റ് സി എ ഫ്രാൻസിസ് അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ ഫാ ഡോ മാർട്ടിൻ കെ എ, എക്സിക്യൂട്ടീവ് മാനേജർ ഫാ ബിജു പാണെങ്ങാടൻ, ഒ എസ് എ സെക്രട്ടറി ജെയിംസ് മുട്ടിക്കൽ, ജനറൽ കൺവീനർ ഡോ കെ പി നന്ദകുമാർ എന്നിവർ പ്രസംഗിച്ചു.

സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർത്ഥികളും സമൂഹത്തിന്റെ വിവിധ മേഖലകളിൽ വിശിഷ്ട സേവനം കാഴ്ചവെച്ചവരുമായ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. അനിൽ കെ എസ്, മുൻ കോളേജിയറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടറും കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ സിൻഡിക്കേറ്റ് മെമ്പറുമായ ഡോ വി എം മനോഹരൻ, നേഫ്റോളജി ആൻഡ് ട്രാൻസ്പ്ലാന്റ് സീനിയർ കൺസൽടന്റ് ഡോ ടി ടി പോൾ, മികച്ച പത്രപ്രവർത്തകനും എഴുത്തുകാരനുമായ ബാബു വളപ്പായ, എ ഗ്രേഡ് ഗിറ്റാരിസ്റ്റും, ടോപ് ഗ്രേഡ് ലൈറ്റ് മ്യൂസിക് കമ്പോസറും ആയ പി ഡി തോമസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു.

പഠനത്തിൽ മികവ് പുലർത്തിയ വിദ്യാർത്ഥികൾക്ക് ഒ എസ് എ ഏർപ്പെടുത്തിയിട്ടുള്ള എന്ഡോവ്മെന്റുകളും യോഗത്തിൽ വിതരണം ചെയ്തു. കോളേജിൽ നിന്നും 1974, 1999, 2014 വർഷങ്ങളിൽ പഠനം പൂർത്തിയാക്കി പോയവരെയും, പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തിയ കോളേജിലെ വിദ്യാർത്ഥികളെയും പ്രത്യേകം ആദരിച്ചു.

വിവിധ കലാപരിപാടികളും യോഗാനന്തരം സ്നേഹവിരുന്നും ഉണ്ടായി.